

കനകക്കുന്നിൽ മൂന്നു വർഷം കൊണ്ട് നാൽപതടിയോളം വളർന്ന 'മിയാവാക്കി' മാതൃകാ വനം.

# മിയാവാക്കിയുടെ തണൽകുടയ്ക്ക് കീഴിൽ കനകക്കുന്ന്

തിരുവനന്തപുരം● മിയാവാക്കിയുടെ തണൽക്കുടയ്ക്കു കീഴിലാണ് കനകക്കുന്ന്. മൂന്നര വർഷം മുൻപു നട്ട വനത്തിന് ഇപ്പോൾ 40 അടിയിലേറെ തലപ്പൊക്കം. ചുരുങ്ങിയ സ്ഥലത്ത് കൃത്രിമമായി നിർമിച്ചെടുക്കുന്ന വനമാണ് മിയാവാക്കി. പ്രശസ്ത ജാപ്പനീസ് സസ്യശാസ്ത്രജ്ഞൻ പ്രഫ.അകിറ മിയാവാക്കി 1970ൽ വികസിപ്പിച്ചെടുത്ത വനനിർമാണ മാതൃകയാണിത്. കനകക്കുന്നിലെ മിയാവാക്കി വനം സ്ഥിതി ചെയ്യുന്നത് 6 സെന്റിൽ. 120 ഇനത്തിൽപ്പെട്ട 800ൽപ്പരം ചെടികളാണ് ഇവിടെയുള്ളത്. 2019 ജനുവരിയിലാണ് വനം വച്ചു പിടിപ്പിച്ചത്.

താന്നി, ആര്യവേപ്പ്, രാമച്ചം, നൊച്ചി, നീർമാതളം, എല്ലൂറ്റിപ്പച്ച, അരയാൽ, പേരാൽ, ചമത, അശോകം തുടങ്ങിയവയാണു നട്ടുവളർത്തിയത്. ചതുരശ്ര മീറ്ററിൽ 3 മുതൽ 5 വരെ തൈകൾ.നട്ട് 17 മാസം കൊണ്ട് 32 അടിയോളം (9 മീറ്ററിലേറെ) വളർന്നു. ഇതു ലോക റെക്കോർഡാണെന്നു ടൂറിസം വകുപ്പു പറയുന്നു.

ജപ്പാനിൽ പ്രതിവർഷം പരമാവധി 2 മീറ്റർ വളർച്ച രേഖപ്പെടുത്തുമ്പോഴാണ് കനകക്കുന്നിൽ 17 മാസം കൊണ്ട് 9 മീറ്ററിലധികം വളർച്ച.

പ്രഫ. വി.കെ.ദാമോദരൻ ചെയർമാനായ നേച്ചേഴ്സ് ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷനാണ് ടൂറിസം വകുപ്പിനു വേണ്ടി കനകക്കുന്നിൽ വനം വച്ചുപിടിപ്പിച്ചത്. ഇൻവിസ് മൾട്ടി മീഡിയ, കൾചർ ഷോപ്പി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായവുമുണ്ടായിരുന്നു.